# രജിസ്ട്രാറുടെ നടപടിക്രമം
# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല
# പൂക്കോട്, വയനാട് – 673576

**(സംഗ്രഹം)**

കെ.വി.എ.എസ്.യു - പൊതുഭരണം - താഴ്ന്ന തസ്തികകളിൽ നിന്നും പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം വഴിയുള്ള ആഭ്യന്തര നിയമനം - റാങ്ക് ലിസ്റ്റ് പ്രകാരം നിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണവിഭാഗം**

നമ്പർ. KVASU/GA/A3/7809/2024(1) തീയതി, പൂക്കോട്, 21/12/2024

സൂചന:- 1. 30.09.2020 തീയതിയിലെ കെ.വി.എ.എസ്.യു/ജി.എ/എ4/12021/2020 നമ്പർ സർക്കുലർ.
2. 21.12.2024 തീയതിയിലെ കെ.വി.എ.എസ്.യു/ജി.എ/എ6/2368/2023(22) നമ്പറിലുള്ള റാങ്ക് ലിസ്റ്റ്.

**ഉത്തരവ്**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ടുള്ള നിയമനവും സ്ഥിരം തൊഴിലാളികളിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനവും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതനുസരിച്ച് 75-ാമത് ഭരണസമിതിയോഗം അംഗീകരിച്ച മാനദണ്ഡപ്രകാരം താഴ്ന്ന തസ്തികകളിലെ ജീവനക്കാരിൽ നിന്നും പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്ക് ആഭ്യന്തര നിയമനം മുഖേന നിയമനം നൽകുന്നതിലേക്ക് അപേക്ഷകർക്കായി യോഗ്യതാ നിർണ്ണയ പരീക്ഷ നടത്തിയിരുന്നു. ടി യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയികളായവരുടെ പട്ടിക 87-ാമത് ഭരണസമിതിയോഗം അംഗീകരിക്കുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിലേക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ഭരണസമിതി തീരുമാനത്തിനനുസൃതമായി, താഴ്ന്ന തസ്തികയിലെ ജീവനക്കാരിൽ നിന്നും പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു (സൂചന 2).

ടി റാങ്ക് ലിസ്റ്റിലുള്ള ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ അവരുടെ പേരിനെതിരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ തസ്തികമാറ്റം മുഖേന പമ്പ് ഓപ്പറേറ്റർ തസ്തികയിൽ (25100 - 57900) നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് & തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ഡേവിസ് എം.പി<br>ഓഫീസ് അറ്റൻഡന്റ് Hr.Gr | സി.ബി.എഫ്, ഉമ്പൂർമൂഴി | സി.ബി.എഫ്, ഉമ്പൂർമൂഴി |
| 2 | അരവിന്ദാക്ഷൻ.എം<br>ഓഫീസ് അറ്റൻഡന്റ് Hr.Gr | കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോട് | ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ്, പൂക്കോട് |



Approved By Michael Murali P (DEPUTY REGISTRAR) on 21/12/2024 04:35 PM
(The document is digitally approved and does not require any Seal or Signature in original)

മേൽ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ 1 വർഷം പ്രൊബേഷനിലായിരിക്കും.

എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താമെന്ന ഉദ്ദേശ്യത്തോടെ ഈ ഉത്തരവ് സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്.പ്രത്യേകം ഹാർഡ് കോപ്പി അയച്ചു നൽകുന്നതല്ല.

//ഉത്തരവിൻ പ്രകാരം //

**മൈക്കിൾ മുരളി. പി**
**ഡെപ്യൂട്ടി രജിസ്ട്രാർ**

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ജീവനക്കാർ
2.ബന്ധപ്പെട്ട സ്റ്റേഷൻ മേധാവികൾ

പകർപ്പ്: ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി (വെറ്ററിനറി സർവകലാശാല), ഫിനാൻസ് ഓഫീസർ/ജോയിന്റ് രജിസ്ട്രാർ(പൊതുഭരണം)/ഡെപ്യൂട്ടി രജിസ്ട്രാർ(പൊതുഭരണം)/ പി.എസ് ടു വി.സി/പി.എ ടു രജിസ്ട്രാർ /കരുതൽ/മിച്ചം.

Approved By Michael Murali P (DEPUTY REGISTRAR) on 21/12/2024 04:35 PM
(The document is digitally approved and does not require any Seal or Signature in original)